# ഗവ. എൽ. പി. എസ്. മരങ്ങാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ഉള്ളടക്കം.


* ആമുഖം
* വിദ്യാലയ വിവരങ്ങൾ
* ചരിത്രം
* പരിമിതികൾ
* പൊതുലക്ഷ്യങ്ങൾ
* കാഴ്ചപ്പാട്
* അക്കാദമിക പ്രവർത്തനങ്ങൾ
* ഉപസംഹാരം.

# ആമുഖം

നഷ്ടപ്പെട്ടു പോയ പഴമയുടെ സൗന്ദര്യം നിലനിർത്തുന്ന ഗ്രാമീണ സുന്ദരിയായ മരങ്ങാട് വിദ്യാലയ മുത്തശ്ശി ഇന്നും അറിവിന്റെ പ്രകാശം വിതറി തലയുയർത്തി നിൽക്കുന്നു. നന്മയുള്ളതും വിവേചന ബുദ്ധിയോടെ ചിന്തിച്ചു പ്രവർത്തിക്കുന്നതുമായ ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യം വിദ്യാഭ്യാസത്തിലൂടെ നിറവേറ്റുക എന്നതാണ് ഈ വിദ്യാലയത്തിന്റെ പ്രവർത്തന ലക്ഷ്യം.

# വിദ്യാലയ വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ. എൽ. പി. സ്കൂൾ തെങ്ങാട്

വിലാസം : പരിയാരം. പി.ഒ , കോട്ടയം.

സ്കൂൾ കോഡ് : 33325

വിദ്യാഭ്യാസ ഉപജില്ല : ചങ്ങനാശ്ശേരി

വിദ്യാഭ്യാസ ജില്ല : കോട്ടയം

റവന്യൂ ജില്ല : കോട്ടയം

ബി. ആർ. സി : മാടപ്പള്ളി [ചങ്ങനാശ്ശേരി]

സി. ആർ. സി : വാകത്താനം

ഗ്രാമ പഞ്ചായത്ത് : വാകത്താനം

ബ്ലോക്ക് പഞ്ചായത്ത് : മാടപ്പള്ളി

ജില്ലാ പഞ്ചായത്ത് : കോട്ടയം

നിയമസഭാ മണ്ഡലം : പുതുപ്പള്ളി

ലോകസഭാ മണ്ഡലം : കോട്ടയം

വില്ലേജ് : തോട്ടയ്ക്കാട്

# മരങ്ങാട് ഗവ എൽ പി സ്കൂൾ ചരിത്രം

1922 [കൊല്ലവർഷം 1097] കാലത്ത് ശ്രീമാൻ വടക്കേപറമ്പിൽ കൊച്ചുകുട്ടി, പുളിന്താക്കുന്നേൽ അന്ത്രോച്ചൻ, വാഴേപ്പറമ്പിൽ കുഞ്ഞൂട്ടി, കല്ലറയ്ക്കൽ കൊച്ചൂട്ടി എന്നിവർ ചേർന്ന് ഈ പ്രദേശത്തെ ക്രിസ്തീയ കുടുംബത്തിലെ കുട്ടികളെ സൺഡേ സ്കൂൾ പഠിപ്പിക്കുന്നതിനായി വാഴേപ്പറമ്പിൽ കുഞ്ഞുകുട്ടിയുടെ ഉടമസ്ഥതയിലായിരുന്ന സ്ഥലത്ത് ഒരു ചെറിയ താത്കാലിക ഷെഡ് ഉണ്ടാക്കി അവിടെ സൺഡേ സ്കൂൾ അഭ്യസനം ആരംഭിച്ചു. അന്ന് ഈ പ്രദേശം പുതുപ്പള്ളി പഞ്ചായത്തിൽ പരിയാരം കരയിൽ ഉൾപ്പെട്ട ഭാഗമായിരുന്നു. ഈ നാട്ടിലെ കുട്ടികൾക്ക് മൂന്നു നാലു കിലോ മീറ്ററിനുള്ളിൽ പ്രാഥമിക വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൗകര്യം പോലും ഇല്ലായിരുന്നു.

1922-ൽ പുളിന്താക്കുന്നേൽ അന്ത്രയോസ്, കൂട്ടുമ്മേൽ കുട്ടി, ഈയാടിയിൽ മറിയാമ്മ എന്നിവർ അധ്യാപകരായി ഒരു മാനേജ്മെന്റ് പ്രൈമറി സ്കൂൾ ആരംഭിച്ചു. പിന്നീട് ഈ സ്കൂളിൽ ചേർന്ന അധ്യാപകരായ കണ്ണൻ തുരുത്തേൽ ഉതുപ്പ്, കള്ളാലയ്ക്കകത്ത് C.V. വർക്കി എന്നിവരുടെ നിരന്തരമായ ശ്രമഫലമായി ഇത് ഗവൺമെന്റ് പ്രൈമറി സ്കൂളായി മാറി. സ്കൂൾ വകയായ റോഡ് ഉൾപ്പെടെ 50 സെന്റ് സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഗവൺമെന്റ് ഏറ്റെടുത്തതിനു ശേഷം ഇപ്പോഴിരിക്കുന്ന കെട്ടിടം കോൺട്രാക്ടർ ആയിരുന്ന കൊണ്ടോടിയ്ക്കൽ കുട്ടപ്പന്റെ മേൽനോട്ടത്തിൽ പണിയിച്ചതായി അറിയാൻ സാധിച്ചിട്ടുണ്ട്. പരിമിതമായ ഒരു ചെറിയ കളിസ്ഥലം മാത്രമേ ഇവിടെയുള്ളൂ.

കൊല്ലവർഷം 1097-ാം ആണ്ടിൽ 44 കുട്ടിക
ളായി 1-ാം ക്ലാസ് സ്കൂൾ ആരംഭിച്ചുവെന്ന്
രേഖകളിൽ നിന്നും മനസ്സിലാക്കുന്നു. കാലക്രമേ
ണ ചാണകം മെഴുകിയ പ്രസ്തുത സ്കൂളിൽ
1105-ൽ 280 കുട്ടികൾ വരെ പഠനം നടത്തിയിരു
ന്നതായി രേഖകളിൽ നിന്നും മനസ്സിലാക്കുന്നു.

2340 ചതുരശ്ര അടി വിസ്തീർണ്ണമു
ള്ള ഇപ്പോഴത്തെ സ്കൂൾ കെട്ടിടം 1958-ൽ പുതു
ക്കിപ്പണിതതാണ്. ആ കാലത്ത് ഈ രണ്ടു ഡിവി
ഷനുകളിലായി 370 കുട്ടികൾ ഇവിടെ അധ്യയനം
നടത്തിയിരുന്നു. സർക്കാരുകളുടെയും നാട്ടുക
ാരുടെയും സഹായത്താൽ പല പല വികസനപ്രവ
ർത്തനങ്ങളും നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഇന്നി
കുട്ടികൾക്കുവേണ്ട എല്ലാ പ്രാഥമിക സൗകര്യങ്ങ
ഈ വിദ്യാലയത്തിലുണ്ട്. എന്നാൽ മാറിമാറി
ന്ന സർക്കാരുകളുടെ വിദ്യാഭ്യാസ പരിഷ്കരണ
ത്തിന്റെ ഫലമായി ഗവൺമെന്റ് സ്കൂളുകളിലെ
യ അപചയം ഈ സ്കൂളിനേയും ബാധിച്ചിട്ടുണ്ട്
തത്ഫലമായി ഇന്ന് കുട്ടികളുടെ എണ്ണം കുറഞ്ഞു
കയാണ്. 95 വർഷത്തെ പഴക്കമുള്ള ഈ സ
രസ്വതിക്ഷേത്രം നിലനിർത്തേണ്ടത് ഇന്നാട്ടി
സാധാരണക്കാരന്റെ ആവശ്യമാണ്.

# സ്കൂളിന്റെ പരിമിതികൾ

കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയാണ് അതിന് പ്രധാന കാരണമായി കണ്ടെത്താൻ സാധിച്ചത്. രക്ഷിതാക്കളുടെ ഇംഗ്ലീഷ് മീഡിയം സ്കൂളിനോടുള്ള അമിത താല്പര്യമാണ്. സ്കൂളും പരിസരവും ചുറ്റുമതിൽ കെട്ടി പൂർണ്ണമായി അടച്ചിട്ടില്ലാത്തതിനാൽ സുരക്ഷിതത്വം ഇല്ല. അതിനാൽ തന്നെ ജൈവകൃഷി, ജൈവവൈവിധ്യ പാർക്ക്, കളിയുപകരണങ്ങൾ ഇവയൊന്നും തന്നെ സ്ഥാപിക്കാനോ, നിലനിർത്താനോ സാധിക്കുന്നില്ല രക്ഷിതാക്കൾ എല്ലാവരും ഉപജീവനത്തിനായി ഓരോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ സ്കൂളിന്റെ ആവശ്യത്തിന് രക്ഷിതാക്കളുടെ പൂർണ്ണമായ സേവനം ലഭ്യമാകുന്നില്ല.

# പൊതുലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക. ഇതിലൂടെ കുട്ടികളുടെ ചിന്താശേഷിയും സർഗാത്മകതയും വർദ്ധിപ്പിക്കുക.

* ഇംഗ്ലീഷ് ഭാഷ കേട്ടും വായിച്ചും മനസിലാക്കുകയും അതിലൂടെ ഭാഷണം, ലേഖനം ഇവയിൽ പ്രാവീണ്യം നേടുകയും ചെയ്യുക.

* പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിഞ്ഞ് പ്രകൃതിയോടിണങ്ങി ജീവിക്കാൻ ഓരോ കുട്ടിയെയും പ്രാപ്തനാക്കുക.

* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചതുഷ്ക്രിയകൾ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം സാധ്യമാക്കുക.

* ICT സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ഡിജിറ്റൽ സംവിധാനമുള്ള ക്ലാസ് മുറികൾ സജ്ജീകരിക്കുക.

* കുട്ടികളുടെ അന്വേഷണത്വരയും ശാസ്ത്രാഭിരുചിയും വർദ്ധിപ്പിക്കാനായി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം.

* കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കൽ.

* കുട്ടികളിലെ വിവിധ കലാഭിരുചികൾ കണ്ടെത്തി അവയെ വളർത്തൽ.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* സ്കൂൾ ഇന്റർനാഷണൽ നിലവാരത്തിലേക്ക് ഉയരണം.

* ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ശേഷികൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കാൻ മത്സരപരീക്ഷകളിൽ നമ്മുടെ സ്കൂളിൽ നിന്ന് പോകുന്ന കുട്ടികൾക്ക് ഉന്നത വിജയം കൈവരിക്കാൻ സാധിക്കണം.

* പഠന - പഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

* ശുചിത്വം, സഹജീവിസ്നേഹം, പൊതുമുതൽ സംരക്ഷിക്കൽ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മൂല്യങ്ങളും മനോഭാവവും സൃഷ്ടിക്കൽ.

* ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും ലഹരി മുക്തമായിരിക്കാനുമുള്ള അവബോധം സൃഷ്ടിക്കൽ.

* പ്രകൃതി ദുരന്തങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും രക്ഷപെടാനും മാറി നിൽക്കാനുമുള്ള പരിശീലനം ലഭ്യമാകുന്ന അന്തരീക്ഷം ഒരുക്കുക.

# മലയാളം

## ലക്ഷ്യങ്ങൾ :

* എല്ലാ കുട്ടികളെയും എഴുത്തും വായനയും പഠിപ്പിക്കുക.
* എല്ലാവരെയും മികച്ച വായനക്കാരാക്കുക.
* വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
* വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
* ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
* ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത പ്രയോജനപ്പെടുത്തൽ
* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം നൽകൽ.
* സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ :-

* പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു.
* കാർഡുകളിലൂടെ അക്ഷരങ്ങളിലേക്ക്, വാക്കുകളിൽ നിന്ന് വാചകങ്ങളിലേക്ക്.

ICT സാധ്യത ഉപയോഗിച്ച് കഥകളിലൂടെ വാക്യങ്ങളും, വാക്കുകളും അക്ഷരങ്ങളും ഉറപ്പിക്കുന്നു.

* കുട്ടികൾ അവരുടെ ഭാവനയ്ക്കനുസരിച്ച് കഥ വികസിപ്പിക്കുന്നു.

* പത്രവായന, വാർത്താ അവതരണം, വിദ്യാരംഗം. കലാ സാഹിത്യ വേദി പ്രവർത്തനങ്ങൾ

* ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു.

* വായനക്കുറിപ്പ്, ചുമർപത്രിക, കൈയെഴുത്തു മാസിക നിർമ്മാണം എന്നിവ നടത്തുന്നു.

രചനോത്സവം നടത്തുന്നു.

# ENGLISH

## Aim :

* To improve the ability of the learner to speak, read and write in English.
* To enrich vocabulary
* To make plan for English language acquisition through easy and attractive methods.

## Activities :

* Rhymes
* Simple stories
* Riddles
* Games
* Descriptions
* Growing Sentences
* picture reading Cards.
* Makes word web
* Write simple stories, Conversation
* Story telling.

# പരിസര പഠനം

ലക്ഷ്യങ്ങൾ :

* നിരീക്ഷണത്തിലേർപ്പെടുക. നിരീക്ഷിച്ച കാര്യങ്ങളെക്കുറിച്ച് സ്വതന്ത്രമായ ഭാഷണം, കുറിപ്പ് തയ്യാറാക്കൽ.
* വർഗീകരിക്കൽ, താരതമ്യം ചെയ്യൽ
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ
* നിഗമനം രൂപീകരിച്ച് അവതരിപ്പിക്കൽ
* ശാസ്ത്ര ഉപകരണങ്ങൾ, മാതൃകകൾ നിർമ്മിക്കൽ
* ശാസ്ത്ര പുസ്തകങ്ങൾ വായിക്കുക, ശേഖരിക്കുക.
* വ്യക്തി ശുചിത്വം, പരിസര ശുചിത്വം.
* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ.
* ശലഭോദ്യാനം.
* ജൈവവൈവിധ്യ പാർക്ക്.

പ്രവർത്തനങ്ങൾ :

* പ്രകൃതി നടത്തം, ചുറ്റുപാടും നിരീക്ഷിക്കൽ
* ജീവികളുടെ പരസ്പരാശ്രയത്വം മനസിലാക്കൽ
* പ്രകൃതിക്ക് ദോഷം വരുന്ന മനുഷ്യ ഇടപെടൽ കണ്ടെത്തൽ.

* പൂന്തോട്ടം ഒരുക്കൽ [സ്കൂൾ, വീട്]

* പ്ലാസ്റ്റിക് നിർമ്മാർജനം

* ശുചിത്വം, വ്യക്തിശുചിത്വം, പരിസരശുചിത്വം

* പരിസര നടത്തം

* നല്ല ശീലങ്ങൾ - പതിപ്പ്

* പരിരക്ഷണം - കുറിപ്പ് തയ്യാറാക്കൽ

* പക്ഷി നിരീക്ഷണം - കുറിപ്പ് തയ്യാറാക്കൽ

* പരിചയപ്പെടുത്തൽ.

# ഗണിതം

## ലക്ഷ്യങ്ങൾ:

* ഗണിതപഠനം ലളിതവും രസകരവുമാക്കുക
* ICT സാധ്യത പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു.
* പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ് വളർത്തുന്നു.
* ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയുന്നു.
* ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
* വസ്തുതകളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കുന്നു.
* വിനോദ പ്രവർത്തനങ്ങളിൽ മുൻതൂക്കം നൽകുന്നു.
* എല്ലാവർക്കും സംഖ്യാബോധം, സ്ഥാനവില എന്നിവ ഉറപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ:

* മഞ്ചാടി, മുത്ത്, അബാക്കസ്, സംഖ്യാപോക്കറ്റ്, അരവിന്ദ്ഗുപ്ത സ്ട്രിപ്പ് എന്നിവ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുന്നു.
* കടകളി, ബസുകളി, ബാങ്ക് കളി എന്നിങ്ങനെ നിത്യജീവിതവുമായി ബന്ധപ്പെട്ട വിവിധ കളികളിലൂടെ ...

പ്രശ്നങ്ങൾ ഏറ്റെടുക്കുകയും സ്വന്തം പ്രശ്നമായി കണ്ട് പരിഹാരം നടത്തുകയും ചെയ്യുന്നു.

* സംഖ്യാബോധം, ഉറപ്പിക്കൽ, ഗണിതമൂല നിർമ്മാണം, ഗണിതകിറ്റ്, ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, ത്രിമാന വസ്തുക്കൾ ചിത്രീകരണം എന്നീ പ്രവർത്തനം നടത്തുന്നു.

* മൂന്നക്ക - നാലക്ക സംഖ്യകളുടെ വ്യവകലനം, സങ്കലനം, പുനഃക്രമീകരണം, ഗണിതക്വിസ് സംഘടിപ്പിക്കൽ.

* മൂന്നക്ക - നാലക്ക സംഖ്യകളുടെ വ്യവകലനം, വിശകലന ക്രിയകളിൽ കടമെടുത്തു ചെയ്യുന്നു.

* ക്ലോക്ക്, വാച്ച് നോക്കി സമയം കണ്ടെത്തുന്നു. സമയത്തെ AM, PM ഉപയോഗിച്ച് പറയുന്നു. സമയദൈർഘ്യം കണ്ടെത്തുന്നു.

* കലണ്ടർ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു.

* കളിനോട്ടുകൾ ഉപയോഗിച്ച് ഗണിതകേളികളിൽ ഏർപ്പെടുന്നു.

# ഉപസംഹാരം

കുട്ടികളിലെ പാഠ്യ പാഠ്യേതര വിഷയങ്ങളിലെ മികവ് വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും SMC യുടെയും നാട്ടുകാരുടെയും സഹകരണത്തോടെ ധാരാളം പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇംഗ്ലീഷിനോടുള്ള രക്ഷിതാക്കളുടെ താല്പര്യം പരിഗണിച്ച് ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. ഇവയൊന്നും വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സഹായകമായിട്ടില്ല.

സമഗ്ര വിദ്യാഭ്യാസ ഗുണമേന്മാ പദ്ധതി പ്രവർത്തനങ്ങൾ അങ്ങാട് സ്കൂളിൽ നടന്നുവരുന്നു. സ്കൂൾ വികസനത്തിന് തടസ്സങ്ങൾ ഉണ്ട്. കോമ്പൗണ്ടില്ലാത്തതും ചൊതുങ്ങുന്ന സഞ്ചാരം വികസനത്തിന് തടസ്സമാകുന്നു. നിരവധി പ്രതിസന്ധികളിലും അക്കാദമിക മികവിൽ പിന്നിലല്ല. എത്തിച്ചേരുന്ന കുട്ടികളുടെ എല്ലാ വിധ സർഗ്ഗശേഷിക്കും വളർത്തിയെടുത്ത് പരിസരബോധമുള്ള കുട്ടികളെ സമൂഹത്തിന് സംഭാവന ചെയ്യും എന്ന് പ്രതിജ്ഞയെടുത്ത് ഞങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ നിങ്ങളുടെ സമക്ഷം സമർപ്പിക്കുന്നു.